# അക്കാദമിക

# മാസ്റ്റർപ്ലാൻ

## ക്ലാസ് 1

## 2025 - 2026

# മലയാളം

## ലക്ഷ്യങ്ങൾ

1. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
2. എല്ലാ കുട്ടികളെയും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവു നേടുമെന്നു ഉറപ്പുവരുത്തുക.
3 ഒരു സംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനു കഴിവു നേടുക.
4. തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക.
5. കുട്ടിയുടെ ശാരീരികവും മാനസികവുമായ വികാസവും ക്ഷമതയും ഉറപ്പുവരുത്തുക.

# പ്രവർത്തനപദ്ധതി

ലക്ഷ്യം 1.

ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

ജൂൺ

- ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു.
- രക്ഷിതാക്കൾക്കു കഥ പറയൽ പരിശീലനം

ജൂലൈ

- ടീച്ചർ പുസ്തകങ്ങൾ (കഥ) ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു.
- വീട്ടുവായന- രക്ഷിതാക്കൾ പുസ്തകങ്ങൾ വായിച്ചു കേൾപ്പിക്കുന്നു. (ചൂണ്ടിവായന)
- കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു.
- ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു.
- കഥ ശില്പശാല.
- ചിത്രകാർഡുകൾ, വായനകൾ, നിർമാണ ശില്പശാല
- ഡിജിറ്റൽ സാധ്യതകളിലൂന്നി കഥ കാണാനും കേൾക്കാനും പുനരവതരണത്തിനുമുള്ള സാധ്യതകൾ ഒരുക്കൽ.

## ഓഗസ്റ്റ്

- തിയേറ്റർ സാധ്യതകൾ, വായന കേളികൾ എന്നിവയുപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കൽ.
- കഥയുടെ പുനരവതരണം വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെയും പ്രോപ്പർട്ടികളുടെ സഹായത്തോടെയും അവതരിപ്പിക്കാൻ അവസരം.

## സെപ്റ്റംബർ

- ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു. (കുട്ടികളുടെ വാചിക പ്രകടനങ്ങൾ)
- ചിത്രങ്ങൾക്ക് സഹായത്തോടെ ലളിതമായ അടിക്കുറിപ്പെഴുതൽ.
- ചിത്രവായനാകാർഡുകൾ തയ്യാറാക്കൽ
- കൂട്ടുവായന – കുട്ടിക്കൂട്ടങ്ങൾ പരസ്പരം സഹായിച്ച് ചിത്രകഥാവായന നടത്തുന്നു.

## ഒക്ടോബർ

- ലളിതമായ വായനക്കാർഡുകൾ സഹായത്തോടെ വായിക്കുന്നു.
- വേദികളിൽ സ്വതന്ത്രമായി കഥ പറയൽ.

## നവംബർ

- ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു.
- കുട്ടി സഹായത്തോടെ വായിക്കുന്നു.
- കുട്ടികൾ നിർമിച്ച കഥകളുടെ പ്രകാശനം
- നാട്ടുവായന- കുട്ടികൾ നിർമിച്ച കഥകൾ അവർ തന്നെ വായിക്കുന്നത് നവമാധ്യമങ്ങളിലൂടെ പങ്കിടുന്നു.

## ജനുവരി

- ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു.
- വായനാകാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു.

## ഫെബ്രുവരി

- ചെറിയ ചെറിയ ബാലസാഹിത്യകൃതികൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു. കുട്ടികൾ രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു.
- ചിത്രകഥാപുസ്തകങ്ങൾ വായിക്കുന്നു.
- സചിത്രപുസ്തകങ്ങൾ വായിക്കുന്നു. നവമാധ്യമങ്ങളിൽ പങ്കിടുന്നു. (നാട്ടുവായന)

## എല്ലാ മാസവും.

- ഭാഷ പിരീയഡുകളിൽ തത്സമയ നിർമിത കഥകൾ വായിക്കൽ.

- ഒന്നാം തരത്തിൽ പ്രവേശിക്കുന്ന കുട്ടികളെ വായിച്ചുകേൾപ്പിക്കുന്നതിനാവശ്യമായ വായന കാർഡുകളുടെ വിതരണം.
- ക്ലാസ് ലൈബ്രറിയിലെ 20 പുസ്തകങ്ങൾ എങ്കിലും ഓരോ കുട്ടിയും വായിക്കുന്നതിന് അവസരം ഒരുക്കുന്നു.

ലക്ഷ്യം 2

എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവു നേടുമെന്നു ഉറപ്പുവരുത്തുക.

- ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു.
- സചിത്ര ബുക്ക്
- സംയുക്ത ഡയറി എഴുത്ത്
- ആവർത്തിച്ചുവരുന്ന അക്ഷരം കണ്ടെത്തുന്നു
- ആവർത്തിച്ചു വരുന്ന പദങ്ങൾ കണ്ടെത്തുന്നു. എഴുതുന്നു.
- സാങ്കൽപിക ഡയറി എഴുതുന്നു.
- വരികൾ കൂട്ടിച്ചേർക്കുന്നു.
- ചിത്രം നൽകി അതിൽ നിന്ന് കഥ ഉണ്ടാക്കുന്നു.
- സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു.

# English

## Aim

- To speak, read and write English without any mistakes.
- Listening skills
- Reading skills • Writing skills.

## June

- To develop listening skills and reading skills.

## July

- Description, growing sentences, picture reading, riddles, etc.
- Reading breaking news.
- Find words from reading materials
- Rhyming words

## August

- Describing words from textbook activities.

## September

- Make word web

## October

- Picture description

November

- Word chain

December

- Make word web

January

- story -telling

February

- Riddles

March

- Conversation

# ഗണിതം

## ലക്ഷ്യങ്ങൾ

1. ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. എഴുതുന്നു.
2. അഞ്ച് വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
3. ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.

- സംഖ്യാ ബോധം, ഗണിത കിറ്റ്
- വലിയ സംഖ്യ, ചെറിയ സംഖ്യ
- സങ്കലന ക്രിയകൾ, വ്യവകലന പ്രവർത്തനങ്ങൾ
- ഒറ്റ സംഖ്യകൾ, ഇരട്ട സംഖ്യകൾ
- ചിഹ്നങ്ങൾ തിരിച്ചറിയൽ.

## ജൂൺ

- സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം
- സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു
- സംഖ്യാ കാർഡ് നിർമിക്കൽ

## ജൂലൈ

- ഗണിത പഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ.

## ആഗസ്റ്റ്

- വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറി-
യൽ പ്രവർത്തനം.
- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയ-
കൾ നടത്തൽ.

## സെപ്റ്റംബർ

- ഒറ്റ സംഖ്യകൾ, ഇരട്ട സംഖ്യകൾ തിരിച്ചറിയൽ
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ
കിട്ടും എന്ന് തിരിച്ചറിയൽ.

## ഒക്ടോബർ

- ഒന്നിടവിട്ട സംഖ്യകൾ ഒറ്റസംഖ്യ, ഇരട്ടസംഖ്യ
എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

## നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു. ശേഖരിക്കുന്നു.
- ഗണിത പ്രവർത്തനങ്ങൾ ആസ്വാദകരം
ആക്കുന്നു.

## ഡിസംബർ

- സംഖ്യകളെ സുന്ദരിയാക്കൽ - വർക്ക്ഷീറ്റ്
പ്രവർത്തനങ്ങൾ
- My number book തയാറാക്കൽ
-

## ജനുവരി

- ഒരു അക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ ചെയ്യൽ.

  10 − 1 = 9 , 10 − 2 = 8 ....

## ഫെബ്രുവരി

- സങ്കലനം, വ്യവകലനം (+, −) എന്നീ ചിഹ്നങ്ങൾ തിരിച്ചറിവ് നേടുന്നു.
- ഗണിത കിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു.

## മാർച്ച്

- സംഖ്യകളുടെ പകുതി, തുല്യം തിരിച്ചറിയൽ പ്രവർത്തനങ്ങൾ ഗണിത കിറ്റിലൂടെ ലഭ്യമാക്കൽ.

St. Joseph's L.P. School
Vezhanganam

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് II

## 2025-26

# മലയാളം

# പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
* ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത, ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കൽ എന്നിവയിൽ കഴിവുള്ളവർ ആക്കുക.
* ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ്.
* സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു. സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
* താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
* എല്ലാ കുട്ടികൾക്കും സചിത്ര പുസ്തകം ലഭ്യമാക്കി പ്രവർത്തനങ്ങളിൽ പരിസരപഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പുവരുത്തുന്നു.
* കണ്ടതും കേട്ടതുമായ കാര്യങ്ങൾ ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.

# ജൂൺ

ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ, വായനാ സാമഗ്രികൾ നിർമ്മിക്കൽ.

വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

വായനമൂല, ക്ലാസ് ലൈബ്രറി രൂപീക്കൽ.

ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്.

കുട്ടികളിൽ ഡയറി എഴുതുന്നതിന്റെ പ്രാധാന്യം വിശദീകരിക്കുന്നു. സമർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.

സചിത്ര പുസ്തകം വർക്ക് ബുക്കുകൾ എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്നു. പ്രവർത്തനങ്ങൾ ആരംഭിക്കുന്നു.

# ജൂലൈ

ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.

സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി, സജ്ജീകരിക്കൽ, പ്രദർശനം നടത്തൽ.

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.

കുട്ടികളുടെ പുസ്തകമേള സംഘടിപ്പിക്കൽ.

വായനോത്സവം സംഘടിപ്പിക്കൽ

വായനാനുഭവം പങ്കുവയ്ക്കൽ.

# അഗസ്റ്റ്

വായനാക്കുറിപ്പുകൾ പൊതുഅവതരണം.

ക്ലാസ് പത്രം തയ്യാറാക്കൽ

പരസ്പരം പിന്തുണ ഉറപ്പുവരുത്തുന്നു.

ഓരോ മാസവും ഓരോന്ന് പ്രദർശിപ്പിക്കാൻ അവസരം ഒരുക്കുന്നു.

രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തുന്നു.

ഭാഷാ വികസന മേഖലയിൽ എത്തിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

# സെപ്റ്റംബർ

വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ

വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം നടത്തൽ.

പാട്ടരങ്ങ്, പ്രകൃതിനടത്തം, യാത്രാവിവരണം, ഭാഷണം ലേഖനത്തിന് അവസരമൊരുക്കൽ.

സംയുക്ത ഡയറി എഴുത്ത് പ്രോൽസാഹിപ്പിക്കുന്നു.

# ഒക്ടോബർ

പതിപ്പുകൾ തയ്യാറാക്കുന്നതിനുള്ള വിഷയങ്ങൾ തയ്യാറാക്കൽ.

പൊതുവേദികൾ ഒരുക്കൽ. കുട്ടികളുടെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ പ്രവർത്തനങ്ങൾ രൂപീകരി-ക്കുന്നു.

പത്രം തയ്യാറാക്കുന്നതിന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.

സചിത്ര പുസ്തകം അദ്യ ഘട്ടം പൂർത്തിയാക്കൽ.

# നവംബർ

കുട്ടികളിൽ സ്വതന്ത്ര്യമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു.

"എന്റെ വളരുന്ന പുസ്തകം" തയ്യാറാക്കുന്നു.

ക്ലാസ് പി.ടി.എ യിൽ തയ്യാറാക്കിയ കാര്യങ്ങളും ഇനി തയ്യാറാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളുടെയും അവതരണം നടത്തുന്നു.

"അമ്മവായന" എന്ന പ്രവർത്തനം നടപ്പാക്കുന്നു.

സചിത്ര പുസ്തകത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

# ഡിസംബർ

ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കൽ അവസരം ഒരുക്കുന്നു.

വ്യവഹാര രൂപങ്ങൾ ലഭ്യമാക്കുന്നതിനുള്ള തന്ത്രങ്ങൾ, സാധ്യതകൾ രൂപീകരിച്ച് ചെയ്യുന്നു.

# ജനുവരി

വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനും ഉള്ള അവസരം ഒരുക്കൽ.

ലഘുവിവരണം, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുള്ള അവസരം ഒരുക്കൽ.

അറിയിപ്പുകൾ ചെറിയ പോസ്റ്ററുകൾ തയ്യാറാക്കുന്നതിന് അവസരം ഒരുക്കൽ.

രചനാശില്പശാല കഥ, കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ.

# ഫെബ്രുവരി

എല്ലാ മേഖലകളിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ.
(ഭാഷണം, ലേഖനം, എഴുത്ത്)

കുട്ടികളിൽ സ്വതന്ത്ര്യമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

എല്ലാ തലങ്ങളിലും കുട്ടിയെ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഉറപ്പാക്കൽ.

കുട്ടികളുടെ രചനകൾ പുസ്തക രൂപത്തിലാക്കുന്നു.

സംയുക്ത ഡയറി പുസ്തക രൂപത്തിലാക്കുന്നു.

സചിത്ര പുസ്തകത്തിലെ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നു.

ക്ലാസ് പത്രം തയ്യാറാക്കിയ അവയും പ്രദർശനം.

# മാർച്ച്

ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.

വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന, ചിത്രവായന എന്നിവയെ പ്രോൽസാഹിപ്പിക്കൽ.

കുട്ടികളുടെ പ്രവർത്തനങ്ങൾ മാധ്യമങ്ങളിലും പി.ടി.എ. മീറ്റിംഗിലും അവതരിപ്പിക്കുന്നു.

St. Joseph's L.P. School
Vezhanganam

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം

ക്ലാസ് II

2025-26

ജൂൺ

* 1, 2, 3, 4 ...

  1, 3, 5, 7 ...

  10, 20, 30, 40 ...

  2, 4, 6, 8, 10 ... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

* ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

ജൂലൈ

* ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
* ഗണിതകിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
* പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ (5+5=10 10+10=20)

ആഗസ്റ്റ്

* വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

  99 നോട് 1 കൂട്ടിയാൽ 100

  10 പത്തുകൾ ചേർന്നാൽ 100 ആകും

  100 ഒന്നുകൾ ചേർന്നതാണ് 100

* ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

## സെപ്റ്റംബർ

* ഗണിതക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.
* വില വിവരപ്പട്ടിക തയ്യാറാക്കൽ
* ക്ലാസിലൊരു കട, സ്കൂളിലൊരു ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കൽ.

## ഒക്ടോബർ

* രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
  (രണ്ടക്ക സംഖ്യയിൽ നിന്നും ഒരക്ക സംഖ്യയുടെ വ്യവകലനം രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലനം, വ്യവകലനം)
* സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.
* സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ
  (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിതബന്ധമുണ്ടെന്ന് കണ്ടെത്തൽ പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)
  5...10...15...20...25
  (5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം)

## നവംബർ

* സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്)
* പ്രായോഗിക പ്രശ്ന പരിഹാരത്തിനായി കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കിയ സംഖ്യ എഴുതൽ.
* ക്ലാസിനൊരു കട കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ.
* നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ. 10 രൂപ + 5 രൂപ = 15 രൂപ
  (നോട്ട്) (നാണയം)

ഡിസംബർ

* സംഖ്യാബോധം തിരിച്ചറിവിൽ – സംഖ്യാവ്യാഖ്യാനം ഉറപ്പാക്കൽ.
* സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്) (അബാക്കസ് നിർമ്മിക്കൽ)
* രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

* വിലവിവരപ്പട്ടിക തയ്യാറാക്കൽ
  വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ
  പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ
  പ്രശ്നം നിർധാരണം ചെയ്ത തുക കണ്ടെത്തൽ രീതികൾ.
* സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.

ഫെബ്രുവരി

* ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലപനം നടത്തൽ (ഒന്ന് ഒന്ന് പറയുമ്പോൾ)
* ഉല്ലാസ ഗണിതം Materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ ഗണിതപഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കാൻ.

മാർച്ച്

* കലണ്ടർ പതിപ്പ് തയ്യാറാക്കൽ.
* കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്.
  മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ.

Aim : To speak, Read and write English without any mistakes.

Time : June to March

To check the vocabulary and writing skills of pupils.

To develop listening skills and reading skills.

Listening skills.

* Games, Action songs Hello English activities.
* Conversation, skit stories use ICT

speaking skills

* Identify the naming words from the picture.
* Identify the action words from the same pictures.
* Make simple sentence using the action word and naming words about the picture.
* Make symbol description about the picture.
* Growing sentence, pictures reading, self introducing in assembly are also conducted.

Activities

speech
Book review
Quiz riddles
self introduction
School radio

August and September

Develop the creative speaking and writing

Reading skills

News paper reading, library books reading, book revi

reading breaking news.

Find words

Collect and read past tense

rhyming words

describing words

Text book activites.

Writing skills

Make word web.

Picture description with describing words.

Word chain, sentence chain

Make words, sentence

Make riddles, conversation.

Add more lines

Activities

Speech

Book review

Quiz riddles

Self introduction

Make Description.

…tober and November

To express thought feelings

Reading skill

News paper reading, library books reading conversations, skit Stories use ICT materials.

Reads breaking news

Develop story

Read notice.

Writing skills

Make word web.

Picture description with describing words.

Word chain sentence

Make words and sentences

Make riddles, conversations

Add more lines.

Activities

Speech

Book review

Quiz riddles

Self introduction

December and January

Develop the creative speaking and writing

To express thought and feelings.

Reading skills

News paper reading

Library book reading

Conversation
Read breaking news
Read diary
Reads letters from friends.
Writing skills
Diary
Letter
Announcement
Activities
speech
Makes magazines
skit.
class room post office.
February and March
To improve the presentation power
Reading skill
News paper reading
library book reading
Conversation, skit stories use ICT
Read breaking news.
develop stories.
Reads diary.
Writing skills
Diary
Letter
Announcement
Description

# അക്കാദമിക

# മാസ്റ്റർപ്ലാൻ

ക്ലാസ് 3

2025 - 2026

① ജൂൺ - ജൂലായ്

- നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉൾപ്പെട്ട്)
- പഴഞ്ചൊല്ലുകൾ ശേഖരണം
- കഥാശേഖരം - ക്ലാസ് ലൈബ്രറി നവീകരണം (നാട്ടുകഥകൾ)
- നാടൻ പാട്ടിലെയും കവിതയിലെയും താളം (കവിത ചൊല്ലൽ ശില്പശാല)
- കഥോത്സവം (നാടൻ കഥകളുടെ അവതരണ ശില്പശാല)
- കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ - കടങ്കഥ പതിപ്പ് - കടങ്കഥപ്പയറ്റ്
- കലയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം - അഭിമുഖസംഭാഷണം
- കലാരൂപങ്ങൾ വേഷവിധാനം - ചിത്ര ശേഖരണം - ആൽബം
- പാവനാടകത്തെ അടുത്തറിയാം - ശിൽപശാല

ആഗസ്റ്റ് - സെപ്തംബർ

- കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കിവയ്ക്കൽ
- ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ
- നാടക ശില്പശാല
- റോൾപ്ലേ അവതരണങ്ങൾ
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം
- പലഹാരമേള - പാചക കുറിപ്പ് തയ്യാറാക്കൽ
- കത്തുകൾ മാതൃകകൾ
- ഹരിത കർമ്മ സേന അംഗങ്ങളുമായി അഭിമുഖം
- സ്കൂൾ പത്രം
- വിമല വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ

(3) ഒക്ടോബർ

- കൃഷിയിടം സന്ദർശനം
- കൃഷിപ്പാട്ടുകൾ കൃഷിച്ചൊല്ലുകൾ, അവതരണം
- കുട്ടിക്കളികൾ: കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം, പതിപ്പ്
- നാടൻ പാട്ട് ശില്പശാല

# ഇംഗ്ലീഷ്

• ലക്ഷ്യം

വായന- ആശയമറിഞ്ഞും ഒഴുക്കോടെയും

• പ്രവർത്തനം : കാലം

ക്ലാസ് ലൈബ്രറി വികസനം (ജൂൺ - മാർച്ച്)

വാർത്താവായനാ മത്സരം സംഘടിപ്പിക്കൽ
(മാസത്തിൽ ഒന്ന്)

വായനാക്യാമ്പുകൾ (3 മാസത്തിൽ ഒന്ന്)

ബാല പ്രസിദ്ധീകരണങ്ങളുടെ വായന
(ജൂൺ - മാർച്ച്)

ഗണിതം

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രവർത്തനങ്ങളായും കണ്ണി ചേർത്തുകൊണ്ടാണ് ഗണിതപഠനം എന്ന രീതിയിലാണ് മൂന്നാം ക്ലാസിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താത്പര്യവും ജിജ്ഞാസവും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തിചിന്ത, വിശകലനാത്മക ചിന്ത, പ്രശ്ന പരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന് ജ്യാമിതി സഹായകരമാണ്. അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി പ്രയോജനപ്രദമാണ്. സ്ഥല പരവും ദിശാ പരവുമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിലും ജ്യാമിതി വളരെ പ്രധാന പങ്കുവഹിക്കുന്നുണ്ട്.

ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഉതിനോടകം തന്നെ

പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും നിത്യ ജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസിലെ ഗണിത പഠനം ലക്ഷ്യം വെക്കുന്നു.

നിത്യജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു. രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാന വിലയ്ക്ക് അനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യാനും ലക്ഷ്യമിടുന്നു. മന ഗണിതത്തിനു

പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെന്റിമീറ്റർ, മീറ്റർ എന്നിവ പരിചയപ്പെടുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു. സ്കെയിൽ, ടാപ്പ് എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാൻ ഉള്ള അവസരമാണ് കുട്ടികൾക്ക് ഒരുക്കുന്നത്. ഈ യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം കണ്ടെത്താൻ പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണത്തിലൂടെ അവസരം ഒരുക്കിയിട്ടുണ്ട്. അളവുകൾ ഊഹിച്ച് പറയുന്നതിനും നീളം കൃത്യമായി അളക്കുന്നതിനും ധാരാളം അവസരങ്ങൾ ഉണ്ട്.

9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ സംബന്ധിച്ച് ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രായോഗിക പ്രശ്നങ്ങളും യൂണിറ്റിൽ അവതരിപ്പിക്കുന്നു.

ഗുന്നന ചിന്തയോടൊപ്പം ഗണന ചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

① ജൂൺ - ജൂലായ്

- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ
- ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ
- തോരണം നിർമാണം, തോണി നിർമ്മാണം
- വെജിറ്റബിൾ പ്രിന്റിംഗ്
- ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.

② ജൂലായ് - ആഗസ്റ്റ്

- ഓരോ കുട്ടിക്കും കണക്കുപെട്ടി, ഗണിതശിൽപ്പശാല നിർമ്മിക്കേണ്ടത്.
- 1 മുതൽ 100 വരെ എഴുതിയ ടോക്കൺ

കളിനോട്ടുകൾ

- ഓരോ നോട്ടുകളും 10 എണ്ണം വീതം
- കമ്പ് കെട്ടുകൾ
- സംഖ്യാ സ്ട്രിപ്പുകൾ
- അബാക്കസ് നിർമ്മാണം

(3) ആഗസ്റ്റ് - സെപ്തംബർ

- പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം.

(4) ഒക്ടോബർ

- സ്കെയിൽ നിർമ്മാണം
- കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം ക്യാമ്പ്

(5) നവംബർ - ഡിസംബർ

- ഗുണന വസ്തുത കാർഡ് നിർമ്മാണം

പരിസരപഠനം

ലക്ഷ്യം : 1

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക.

① ജൂൺ - ഒക്ടോബർ മാസ പ്രവർത്തനങ്ങൾ

പ്രകൃതി നടത്തം

- ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം
- പ്രത്യേകതകൾ മനസ്സിലാക്കാം
- വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം
- ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച
- നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം. സ്വയം തിരുത്താം (ഫീൽഡ് ട്രിപ്പ്)
- പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം (ഡോക്യുമെന്ററി പ്രദർശനം)
- ചർച്ച - തെറ്റും ശരിയും

ജൂൺ - മാർച്ച് മാസ പ്രവർത്തനങ്ങൾ

പൂന്തോട്ടം ഒരുക്കാം

- സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ
- വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ

③ ജൂൺ - മാർച്ച് മാസ പ്രവർത്തനങ്ങൾ

ഒരു തൈ നടാം

- പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ
- നട്ട വൃക്ഷങ്ങളെ പരിപാലിക്കൽ

④ ജൂൺ മാസ പ്രവർത്തനം

പോസ്റ്റർ നിർമ്മാണം

- പ്രകൃതിസംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ
- പരിസരങ്ങളിൽ പതിക്കൽ

⑤ മാർച്ച് - മെയ് മാസ പ്രവർത്തനങ്ങൾ

ദാഹജലം

- പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം.

ലക്ഷ്യം : 2

കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

① ജൂൺ - മാർച്ച് മാസ പ്രവർത്തനങ്ങൾ

ദിന കൃത്യങ്ങൾ

- ഓരോ ദിനവും പ്രഭാത കൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.
- കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു.

② ജൂലൈ - മാർച്ച് മാസ പ്രവർത്തനങ്ങൾ

നമ്പർ വൺ

- ക്ലാസ് തലത്തിൽ ശുചിത്വ മത്സരം
- വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു.

③ ജൂൺ - ഡിസംബർ മാസ പ്രവർത്തനങ്ങൾ

പരിസര നടത്തം

നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം

അടുത്തറിയാം - സർവ്വേ

- മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.
- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ

(4) ജൂലൈ - മാർച്ച് മാസങ്ങളിലെ പ്രവർത്തനങ്ങൾ

നല്ല ശീലം

- പോസ്റ്ററുകൾ തയ്യാറാക്കാം.
- പരിസരങ്ങളിൽ പതിക്കാം.

ലക്ഷ്യം : 3

ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും

താത്പര്യവും വളർത്തുക.

(1) ജനുവരി - മാർച്ച് മാസ പ്രവർത്തനങ്ങൾ

ഫീൽഡ് ട്രിപ്പ്

- നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.

(കുളം, വയൽ, കാട്, etc.)

ഡിസംബർ - ഫെബ്രുവരി മാസ പ്രവർത്തനങ്ങൾ

പരീക്ഷണങ്ങൾ

- ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

③ ഡിസംബർ - ഫെബ്രുവരി മാസ പ്രവർത്തനങ്ങൾ

ശാസ്ത്രജ്ഞനോടൊപ്പം

- ക്യാമ്പ്
- മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു.

④ ജനുവരി - മാർച്ച് മാസ പ്രവർത്തനങ്ങൾ

പക്ഷി നിരീക്ഷണം

- ക്യാമ്പ്
- പക്ഷി നിരീക്ഷണത്തിന് അവസരം.

St. Joseph's L.P. School
Vezhanganam

# അക്കാദമിക മാസ്റ്റർപ്ലാൻ

## ക്ലാസ് IV

2025-26

ലക്ഷ്യം :

നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക

പൊതു തത്വങ്ങൾ :-

കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം

സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം

സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ

സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം

കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക

## മധുരം മലയാളം
## (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലക്കാർ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | ലക്ഷ്യം നേടുന്നതുവരെ | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ | | | | |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ | വർഷം മുഴുവൻ | H.M, SRG ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം | | | | |
| വായനാ കുറിപ്പ് ആസ്വാദന കുറിപ്പ് പുസ്തക സംവാദം | | | CPTA | |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ | പ്രതിമാസം (വർഷം മുഴുവൻ) | SRG ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | | | | |
| കണ്ടറിയാം... കേട്ടറിയാം... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ ICT | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ, സ്ലൈഡുകൾ പ്രദർശിപ്പിക്കൽ | | | | |
| രുചിച്ചറിയാം | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | വർഷത്തിലൊരിക്കൽ | SRG, PTA ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ഭക്ഷ്യമേള – പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസിലൊരു സദ്യ. | | | | |
| ഓർമ്മദിനം – (അഭിമാനിക്കാം സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ ഓർമ്മദിനങ്ങൾ ആചരിക്കൽ | അനുസ്മരണം | SRG, CPTA ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുടെ ജനന - ചരമ ദിനാചരണങ്ങൾ [illegible]ഡിപ്പിക്കൽ , ഡോക്യുമെന്ററി പ്രദർശനം പുസ്തക പരിചയം, ക്വിസ് പോസ്റ്റർ പ്രദർശനം ജീവിത രേഖ തയ്യാറാക്കി പതിപ്പ് നിർമ്മാണം പ്രദർശനം | | | | |
| കലക്കൂട്ട് | പാരമ്പര്യവുമായി ബന്ധപ്പെട്ട കലകൾ നേരിട്ട് അറിയൽ | വർഷത്തിലൊന്ന് | HM, SRG CPTA ക്ലാസ് ടീച്ചർ | PTA |
| ദേശവാസികളായ കലാകാരന്മാരുടെ അനുഭവം ക്ലാസ് മുറിയിലേക്ക്. | | | | |
| പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ (പ്രദർശനം സർഗോത്സവം, കലാവതരണം, കലാ ഉപകരണങ്ങൾ പരിചയപ്പെടൽ പ്രദർശനം. | | വർഷത്തിലൊരിക്കൽ | SRG CPTA ക്ലാസ് ടീച്ചർ | PTA |
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | | | HM | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലക്കാർ | സാമ്പത്തികം |
| --- | --- | --- | --- | --- |
| വിധതരം കളികൾ ാസൂത്രണം ചെയ്യൽ ടപ്പാക്കൽ | ഗണിത പഠനം രസകരമാക്കൽ ചതുഷ്ക്രിയകൾ ലളിതമാക്കൽ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| മൂല്യനിർണയം ഗണിതവും പാഠവും, ...ളി സങ്കലനം - വ്യവകലനം (കുഴവടക്കളി) | | | | |
| റിഗാമിയിലൂടെ പഠിക്കാം. | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ കരചലന ശേഷി വികാസം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | PTA |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | | | | |
| ഗണിത ലാബ് | ഗണിത പഠനം സുഗമമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| ഗണിത ചുമർ | ഗണിത രൂപങ്ങളുടെ പ്രായോഗിക രൂപം തിരിച്ചറിയൽ | വർഷം മുഴുവൻ. | ക്ലാസ് ടീച്ചർ | PTA |
| ഗണിത ചുമർ ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | | | | |

| | | | | |
|---|---|---|---|---|
| ണിത പഠനോപകരണ ില്പശാല | പഠനോപകര- ണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | | | |
| ാഠഭാഗവുമായി ബന്ധപ്പെട്ട ഠനോപകരണങ്ങളുടെ ിർമ്മാണം പ്രവർത്തനം | | | | |
| ണിതമേള | ഗണിത ശേഷികളുടെ പ്രകടനം | വർഷത്തിലൊരിക്കൽ | SRG ക്ലാസ് ടീച്ചർ | PTA |
| പ്രശ്നോത്തരി, പസിൽ, പാട്ടുകൾ ടന ഉൾച്ചേർത്തു- ാ പ്രവർത്തനം | | | | |
| | | | | |

| ...വർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ...കൃതി നടത്തം, ...ആരോഗ്യവുമായി ...ബന്ധപ്പെട്ട ഫീൽഡ് ...ട്രിപ്പുകൾ സംഘടിപ്പിക്കൽ | നിരീക്ഷണ- അറിവ് നിർമ്മാണം | ആവശ്യാനു- സരണം | H.M CPTA | PTA |
| ...ാസ്ത്ര മേള | ശാസ്ത്ര പഠനം ലളിതവും രസ- കരവുമാക്കൽ | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA SSA |
| ...സ്ത്ര പഠനത്തിനാവശ്യ ...യ സാമഗ്രികൾ ...വുക്കൽ, പരീക്ഷണങ്ങൾ ...സംഘടിപ്പിക്കൽ | | | | |
| ...സ്ത്രയാത്ര | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ആവശ്യാനുസരണം | H.M SRG, CPTA ക്ലാസ് ടീച്ചർ | PTA രക്ഷിതാക്കൾ |
| ...ാന നിരീക്ഷണ കേന്ദ്രം ...യൻസ് പാർക്ക് ...ാസ്ത്ര മെഡിക്കൽ ...പ്രദർശനങ്ങൾ, ...ഫാക്ട് ലോർ ...ന്നൊരുമി ഇവ ...സന്ദർശിക്കൽ | | | | |
| ...പടമൊരുക്കാം | ഭൂപട വായന ഭൂപട രചന സൂചിക [illegible] നിർമ്മാണം, ഗ്ലോബ് ഉപയോഗിക്കൽ. | വർഷത്തിലൊ- ന്ന് | SRG ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| ...ളം - ഇംഗ്ലീ... ...പ്പെട വായന | | | | |
| ...ശാസ്ത്ര വിഷയ ...ചുവർ | ശാസ്ത്ര പഠനം രസകരമാക്കൽ | ആവശ്യാനു- സരണം | SRG ക്ലാസ് ടീച്ചർ | PTA |
| ...ശാസ്ത്ര പഠനവുമായി ...ബന്ധപ്പെട്ട വാർത്തകൾ ...ങ്ങൾ എന്നിവ ...ദർശിപ്പിക്കൽ | | | | |
| ...ശാസ്ത്രോത്സവം | ശാസ്ത്ര പഠന- ത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | വർഷത്തി- ലൊരിക്കൽ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ...ന ഉൽപന്നങ്ങളുടെ ...ദർശനം (പതിപ്പ്, ...ട്ട്, ആൽബം, ...ഠനോപകരണം ...ർമ്മാണം) | | | | |
| ...പത്ര മാസിക | അറിവുകളുടെ രചന | വർഷത്തിലൊ- ന്ന് | HM SRG ക്ലാസ് ടീച്ചർ | PTA |
| ...ശാസ്ത്ര പഠനത്തിലൂടെ ...ിയ ശാസ്ത്ര ...നികളുടെ ...ിർമ്മാണം | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും, സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ 2 ദിവസം/ വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| അസംബ്ലി ചേരൽ (നിയന്ത്രണം കുട്ടികൾക്ക്) | | | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി. | ആഴ്ചയിൽ 3 ദിവസം | ക്ലാസ് ടീച്ചർ | |
| ...ിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി ...കുറിപ്പായി എഴുതൽ | | | | |
| ...ഗ്ലീഷ് തീയേറ്റർ | സർഗാത്മകതാ പരിപോഷണം | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ...ീഷ് പാഠഭാഗങ്ങളെ ...[illegible] ങ്ങളാക്കി ...വതരിപ്പിക്കൽ (...kit, Drama, conversation ...ry Telling) | | | | |
| ...ഗ്ലീഷ് മാഗസിൻ | സർഗാത്മകതാ രചനാശേഷി വികസനം | 3 മാസത്തിലൊരിക്കൽ | HM ക്ലാസ് ടീച്ചർ SMC | SMC |
| ...മാസം കൂടുമ്പോൾ ...ട്ടികളുടെ രചനകൾ ...ൾപ്പെടുത്തി [illegible] മാസിക ...യ്യാറാക്കൽ | | | | |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് കൈയെഴുത്ത് | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ വിടവ് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് വ്യക്തിത്വങ്ങളുമായി ആശയ ഇടപാടുകൾ നടത്തൽ | | | | |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച വായനാമൂല ഒരുക്കൽ വായനാവേള ഒരുക്കൽ, വായനാക്കുറിപ്പ് പരിചയം | | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ) | വർഷത്തിലൊന്ന് (അവധിക്കാലം) | SRG SMC ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായനാ വർഷം രചനാ വർഷം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | | | | |